# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2790 — 10.03.2017 -ലെ മറുപടിയ്ക്ക്

### സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. എ. റഹീം | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ ഐ സി റ്റി ഇ, കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ ജി.ഒ.(എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 03.02.2017 ലെ ജി.ഒ.(സാധാ) നം.179./2017/ഉവിവ ഉത്തരവ് പ്രകാരം എം.ജി. സർവകലാശാല വൈസ് ചാൻസലർ കൺവീനറും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവകലാശാല, കാലിക്കറ്റ് സർവകലാശാല വൈസ്ചാൻസലർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റീസ് കെ.കെ.ദിനേശൻ |
| (ബി) | സ്വാശ്രയ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പീഡനവും അരാജകത്വവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രവേശന കാര്യത്തിൽ സർക്കാർ ഇടപെടലിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | കമ്മീഷന്റെയും വൈസ്ചാൻസലർമാരുടെ കമ്മിറ്റിയുടേയും റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് പ്രവേശനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്വാശ്രയ മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം പോലും ലഭിക്കാതെ ചൂഷണം ചെയ്യപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി | 19.07.2014 ലെ സ.ഉ.(കൈ) നം.552/2014/ഉവിവ ഉത്തരവ് പ്രകാരം യു.ജി.സി. നെറ്റ്, പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് തത്തുല്യ തസ്തികയിലെ സംസ്ഥാന ശമ്പള സ്കെയിൽ അനുവദിക്കുന്നതിനും, എഞ്ചിനീയറിംഗ് കോളേജുകളിലെ യോഗ്യരായ അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ നിർദ്ദേശിച്ചിട്ടുള്ള ശമ്പള സ്കെയിൽ അനുവദിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ഇതര അദ്ധ്യാപകർക്ക് കുറഞ്ഞ വേതനമായി 10000/- രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>ഫാക്കൽറ്റികൾക്ക് ഉള്ള കുറഞ്ഞ കരാർ ദൈർഘ്യം 3 വർഷമായി നിജപ്പെടുത്തി. പ്രസവാവധി, ഇ.എസ്.ഐ., സി.പി.എഫ്., എന്നീ ആനുകല്യങ്ങൾ അദ്ധ്യാപകർക്ക് അനുവദിച്ച് നൽകി. യോഗ്യരായ അദ്ധ്യാപകരുടെ സേവനം യൂണിവേഴ്സിറ്റി പരീക്ഷ ജോലികൾക്ക് പരീക്ഷ പേപ്പർ മൂല്യ നിർണ്ണയത്തിനും ഡ്യൂട്ടി ലീവായി പരിഗണിക്കുവാൻ അംഗീകാരം നൽകി. ടി ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന കാര്യങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് യുണിവേഴ്സിറ്റി തലത്തിൽ മോണിട്ടറിംഗ് സമിതിയെ നിശ്ചയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ